"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നം.25, റീസർവ്വേ നം. 90/7, 90/7-1, 84/29-1, 96/15, 96/16, 96/2, 84/29, 84/29-2, 84/27, 90/6-1, 90/6, 90/10, 96/17 ൽ പ്പെട്ട 2.2174 ഹെക്ടർ സ്ഥലത്തുനിന്നും 71788.75 മെ. ടൺ ഉരുളൻപാറകൾ നീക്കം ചെയ്യുന്നതിന് ശ്രീ. സി.ജി. പ്രകാശ്, കളത്തിൽ വീട്, പുന്നപ്ര, പരവൂർ, ആലപ്പുഴ എന്ന വ്യക്തിക്ക് കെ.എം.എംസി ചട്ടം-104 പ്രകാമുള്ള അനുമതി നിരസിച്ചുകൊണ്ടും അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ WPC No. 17595/2024 കേസിലെ 28.05.2024-തീയതിയിലെ വിധിന്യായം നടപ്പിൽ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1092/2024/ID തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:-

1. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 30.04.2022-ലെ ശ്രീ. സി.ജി. പ്രകാശ്, കളത്തിൽ വീട്, പുന്നപ്ര, പരവൂർ, ആലപ്പുഴ സമർപ്പിച്ച അപേക്ഷ
3. 22.07.2024-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2173/2023-M1 നമ്പർ കത്ത്
4. 05.08.2024-ലെ എ3/227/2024-വ്യവ നമ്പർ സർക്കാർ കത്ത്.
5. 6.01.2024-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2173/2023-M1 നമ്പർ നോട്ടീസ്.
6. ബഹു. കേരള ഹൈക്കോടതിയുടെ WPC No. 17595/2024 കേസിലെ 28.05.2024-തീയതിയിലെ വിധിന്യായം
7. 16.11.2024-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2173/2023-M1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ. സി.ജി. പ്രകാശ്, കളത്തിൽ വീട്, പുന്നപ്ര, പരവൂർ, ആലപ്പുഴ എന്ന വ്യക്തിയുടെ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നം.25, റീസർവ്വേ നം. 90/7, 90/7-1, 84/29-1, 96/15, 96/16, 96/2, 84/29, 84/29-2, 84/27, 90/6-1, 90/6, 90/10, 96/17 ൽ പ്പെട്ട 2.2174 ഹെക്ടർ വസ്തുവിൽ നിന്നും കരിങ്കല്ല് ഖനനത്തിന് ജെബിപി ഗ്രാനൈറ്റ്സ് & മെറ്റൽസ് പ്രൈ. ലിമിറ്റഡ് എന്ന കമ്പനിക്ക് ക്വാറിയിങ് ലീസിനായി ലെറ്റർ ഓഫ് ഇൻറന്റ് അനുവദിച്ചിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനി പാരിസ്ഥിതികാനുമതി സമ്പാദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചപ്പോൾ ടി സ്ഥലത്ത് വളരെയധികം വീടുകളുള്ളതിനാലും ചരിവുള്ള പ്രദേശമായതിനാലും വളരെയധികം ഉരുളൻ പാറകൾ നിറഞ്ഞ പ്രദേശമായതിനാലും പാരിസ്ഥിതികാനുമതി നിരാകരിച്ചിട്ടുള്ളതാണ്. തുടർന്ന് 22.08.2023 തീയതിയിലെ അപേക്ഷയുടെ

അടിസ്ഥാനത്തിൽ 17.01.2024-ൽ മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിൽ അപേക്ഷകനെ നേരിൽ കേട്ടതിന് ശേഷം ലെറ്റർ ഓഫ് ഇന്റന്റ് റദ്ദ് ചെയ്ത് ഉത്തരവായിട്ടുള്ളതും ടിസ്ഥലത്ത് തുടർന്ന് ക്വാറിയിംഗ് ലീസ്/പെർമിറ്റ് അപേക്ഷ സമർപ്പിക്കുകയില്ല എന്നുള്ള വിവരം ഹിയറിങ് വേളയിൽ അപേക്ഷകൻ അറിയിച്ചിട്ടുള്ളതും ആയതു സംബന്ധിച്ച സത്യവാങ്മൂലം ഹാജരാക്കിയിട്ടുള്ളതുമാണ്. തുടർന്ന് ഈ സ്ഥലത്തെ 71788.75 MT ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിന് KMMC ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകുന്നതിന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(3) പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു.

2. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിക്കുകയും പാരിസ്ഥിതികാനുമതി നിഷേധിച്ച സ്ഥലത്ത് നിന്നും ചട്ടം 104 ഉപയോഗിച്ചുകൊണ്ട് ഒരു വലിയ അളവിൽ 71778.75 MT ധാതു ഖനനം ചെയ്തു നീക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതിനാൽ പ്രസ്തുത അപേക്ഷ പുന:പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് പരാമർശം(4) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടറോട് ആവശ്യപ്പെട്ടു.

3പരാമർശം(6) പ്രകാരമുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ, (EXT- P7 )നോട്ടീസിൽ അതായത് പരാമർശം(5) പ്രകാരമുള്ള ഹിയറിംഗ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തിയതനുസരിച്ചുള്ള ഡി.എം.ജി-യുടെ ശിപാർശയിൽ, വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം വകുപ്പ് സെക്രട്ടറി തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

4.മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ 04/11/2024 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം ചരിവുള്ള പ്രദേശമായതിനാലും പാരിസ്ഥിതികാനുമതി നിരാകരിച്ചിട്ടുള്ള സാഹചര്യത്തിലും റീ സർവ്വേ നം. 90/7, 90/7-1, 84/29-1, 96/15, 96/16, 96/2, 84/29, 84/29-2, 84/27, 90/6-1, 90/6, 90/10, 96/17 ൽ പ്പെട്ട 2.2174 ഹെക്ടർ സ്ഥലത്ത് 71788.75 മെട്രിക് ടൺ അളവിലുള്ള ഉരുളൻപാറകൾ നീക്കം ചെയ്യുന്നതിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം പരിഗണിക്കുന്നതിയി ശുപാർശ ചെയ്യുന്നില്ലെന്ന് പരാമർശം(7) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(7) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നം.25, റീസർവ്വേ നം. 90/7, 90/7-1,84/29-1, 96/15, 96/16, 96/2, 84/29, 84/29-2, 84/27, 90/6-1, 90/6, 90/10, 96/17 ൽ പ്പെട്ട 2.2174 ഹെക്ടർ സ്ഥലത്തുനിന്നും 71788.75 മെ. ടൺ ഉരുളൻപാറകൾ നീക്കം ചെയ്യുന്നതിന് ശ്രീ. സി.ജി. പ്രകാശ്, കളത്തിൽ വീട്, പുന്നപ്ര, പരവൂർ, ആലപ്പുഴ എന്ന വ്യക്തിക്ക് കെ.എം.എംസി ചട്ടം-104 പ്രകാമുള്ള അനുമതി നിരസിച്ചുകൊണ്ടും അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ WPC No. 17595/2024 കേസിലെ 28.05.2024-തീയതിയിലെ പരാമർശം (6) വിധിന്യായം നടപ്പിൽ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ശ്രീ. സി.ജി. പ്രകാശ്, കളത്തിൽ വീട്, പുന്നപ്ര, പരവൂർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 18-11-2024 09:32:13

സെക്ഷൻ ഓഫീസർ